**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷ സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് സിലബസ് പരിഷ്കരിച്ചുള്ള 20.08.2022 ലെ സ.ഉ. (കൈ) നം.403/2022/ എച്ച്.ഇ.ഡി.എൻ. പ്രകാരം ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീൻ ഉപയോഗിച്ചുള്ള കെ.ജി.റ്റി.ഇ. പരീക്ഷകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 20-08-2022 ലെ സർക്കാർ ഉത്തരവ് നം.സ.ഉ(കൈ)403/2022/എച്ച്.ഇ.ഡി.എൻ പ്രകാരം കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പുതുക്കിയ സിലബസ് അനുസരിച്ച് കമ്പ്യൂട്ടർ മുഖേനയാണ് പരീക്ഷ നടത്തേണ്ടത്. ഇത് പുനഃപരിശോധിക്കണമെന്ന് കെ.ജി.ടി.ഇ മാനേജ്മെന്റ് അസ്സോസ്സിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് മെഷീൻ ആവശ്യത്തിന് ലഭ്യമാണെന്നതിനാൽ പ്രസ്തുത സിലബസ് പരിഷ്കരണം മലയാളത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 20-08-2022 ലെ സർക്കാർ ഉത്തരവ് നം.സ.ഉ(കൈ) 403/2022/എച്ച്.ഇ.ഡി.എൻ പ്രകാരം കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പുതുക്കിയ സിലബസ് അനുസരിച്ച് കമ്പ്യൂട്ടർ മുഖേനയാണ് പരീക്ഷ നടത്തേണ്ടത്. ഇത് പുനഃപരിശോധിക്കണമെന്ന് കെ.ജി.ടി.ഇ മാനേജ്മെന്റ് അസ്സോസ്സിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സിലബസ് പരിഷ്കരണത്തിൽ ഹിന്ദി, ഷോർട്ട് ഹാൻഡ് എന്നിവ ഉൾപ്പെട്ടിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കൂടി ഉൾപ്പെടുത്തി സിലബസ് പുതുക്കി പ്രസിദ്ധീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ഹിന്ദി സിലബസിന്റെ പരിഷ്കരണ നടപടികൾ നടന്നുവരുന്നു. ഷോർട്ട് ഹാൻഡ് സിലബസ് പരിഷ്കരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | 20.08.2022 ലെ സിലബസ് പരിഷ്കരണം എന്ന് മുതലുള്ള കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷയിലാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | 20.08.2022 ലെ സിലബസ് പരിഷ്കരണം പ്രസ്തുത തീയതിക്ക് ശേഷം നടത്തപ്പെടുന്ന കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷ മുതലാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) | 20.08.2022 ലെ പരിഷ്കരിച്ച സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങളോ ഉത്തരവുകളോ | (ഇ) | 20.08.2022 ലെ പരിഷ്കരിച്ച സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | ഡയറക്ടർ മാർഗ്ഗ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ